**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 106** **11-09-2023 - ൽ മറുപടിയ്ക്ക്**

**സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യൂ ടി. തോമസ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ പാഠ്യപദ്ധതിയിൽ കാലോചിതവും നൂതനവുമായ പരിഷ്കാരങ്ങൾ നടപ്പിലാക്കുവാൻ ആവിഷ്കരിച്ചിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | കേരളത്തിൽ സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. അവസാനമായി സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിച്ചത് 2007 ലാണ്. 2005 ലെ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ തുടർച്ചയായി രൂപീകരിച്ച കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007 ന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത പാഠ്യ പദ്ധതി പരിഷ്കരണം നടത്തിയത്. തുടർന്ന് 2013-ൽ തയ്യാറാക്കിയ നയരേഖയുടെ അടിസ്ഥാനത്തിൽ പാഠപുസ്തകങ്ങളുടെ ഉള്ളടക്കത്തിൽ മാറ്റം വരുത്തുകയുണ്ടായി. വിജ്ഞാനത്തിന്റെ വിവിധ മേഖലകളിൽ ഉണ്ടായ വികാസവും വളർച്ചയും പരിഗണിച്ചുള്ള പാഠ്യപദ്ധതി പരിഷ്കരണമാണ് നിലവിൽ വിഭാവനം ചെയ്തിട്ടുള്ളത്. പാഠ്യപദ്ധതി പരിഷ്കരണത്തിന് നേതൃത്വം നൽകുന്നതിന് പാഠ്യപദ്ധതി പരിഷ്കരണ കോർ കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവ് ആയിട്ടുണ്ട്. ഈ കോർ കമ്മിറ്റിയുടെ യും സംസ്ഥാന സ്കൂൾ കരിക്കുലം സ്റ്റിയറിങ് കമ്മിറ്റിയുടെയും നേതൃത്വത്തിലാണ് പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ നടന്നു വരുന്നത്. 2024-25 അക്കാദമിക വർഷം പ്രീസ്കൂൾ, 1, 3, 5, 7, 9 എന്നീ ക്ലാസുകളിലെ പാഠപുസ്തകങ്ങളാണ് പരിഷ്കരിക്കുന്നത്. തുടർന്ന് 2025-26 അക്കാദമിക വർഷം 2, 4, 6, 8, 10 ക്ലാസുകളിലെ പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നതാണ്. ഇതു കൂടാതെ, ഹയർ സെക്കന്ററി വിഭാഗത്തിലെ വിവിധ വിഷയങ്ങളുടെ പാഠപുസ്തകങ്ങളും സമയബന്ധിതമായി പരിഷ്കരിക്കുന്നതാണ്. |
| (ബി) | കുട്ടികളുടെ മാനസിക-ശാരീരിക വികാസത്തിന് കൂടുതൽ ഊന്നൽ നൽകുന്ന രീതിയിൽ പ്രാഥമിക | (ബി) | സ്കൂൾ പ്രാഥമിക വിദ്യാഭ്യാസത്തിന് -പ്രീസ്കൂൾ വിദ്യാഭ്യാസം, പ്രൈമറി വിദ്യാഭ്യാസം എന്നീ രണ്ടു ഘട്ടങ്ങളാണുള്ളത്. |

| | |
|---|---|
| തലത്തിലുള്ള വിദ്യാഭ്യാസം പരിഷ്കരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (1) പ്രീസ്കൂൾ വിദ്യാഭ്യാസം<br><br>മൂന്നു മുതൽ ആറു വയസ്സ് വരെയുള്ള കുട്ടികളുടെ വികാസവും പരിപോഷണവും ലക്ഷ്യമിട്ടുകൊണ്ട് സമഗ്രമായ പ്രീ സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിപുലമായ ജനകീയ ചർച്ചകളിലൂടെ പ്രീ സ്കൂൾ നിലപാട് രേഖ വ്യത്യസ്ത രംഗങ്ങളിലെ വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തി കുട്ടികളുടെ ശാരീരിക മാനസിക ഘടകങ്ങൾ പരിഗണിച്ചുകൊണ്ട് തയ്യാറാക്കിയിട്ടുണ്ട്.<br><br>(2) പ്രൈമറി വിദ്യാഭ്യാസം<br><br>പ്രൈമറി വിദ്യാഭ്യാസ കാലഘട്ടത്തിൽപാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന എല്ലാ ശേഷികളും നൈപുണികളും ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്. പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കുന്ന എല്ലാ കുട്ടികൾക്കും അടിസ്ഥാനശേഷി ഉറപ്പാക്കുന്നതിന് സമഗ്ര ഗുണമേന്മ പദ്ധതി എന്ന വിദ്യാഭ്യാസ പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ്. കൂടാതെ വ്യത്യസ്ത വിഷയങ്ങളിൽ കുട്ടികളുടെ ശേഷിയും പരിമിതിയും തിരിച്ചറിഞ്ഞ് ആവശ്യമായ പിന്തുണ നൽകുന്നതിനുള്ള വ്യത്യസ്തമായ പ്രോഗ്രാമുകളും നടപ്പിലാക്കി വരുന്നു. പൊതു വിദ്യാലയങ്ങളിലെ പ്രൈമറി ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ കായിക ക്ഷമത മെച്ചപ്പെടുത്തുന്നതിനും അക്കാദമിക നിലവാരം ഉയർത്തുന്നതിനും കായിക മികവ് കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനും സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി) വികസിപ്പിച്ച കായിക ഗവേഷണ പദ്ധതിയാണ് ഹെൽത്തി കിഡ്സ്. ഈ പദ്ധതിയുടെ ഭാഗമായി തയാറാക്കിയ രണ്ട് കൈപുസ്തകങ്ങൾ സംസ്ഥാന സ്കൂൾ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി അംഗീകരിക്കുകയും പൊതുവിദ്യാലയങ്ങളിൽ വിനിമയം ചെയ്യുന്നതിനുള്ള അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഹെൽത്തി കിഡ്സ് പദ്ധതിയുടെ ഗുണഭോക്താക്കളാകുന്ന കുട്ടികളുടെ സമഗ്ര കായിക പുരോഗതിയാണ് ലക്ഷ്യമിടുന്നത്. രണ്ടുവർഷത്തിധികം നീണ്ടുനിന്ന ഫീൽഡ് തല പ്രായോഗിക പരീക്ഷണ, നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിലാണ് ഹെൽത്തി കിഡ്സ് എന്ന മാതൃകാ പദ്ധതി എസ്.സി.ഇ.ആർ.ടി വികസിപ്പിച്ചത്. നിശ്ചിത ഇടവേളകളിൽ കുട്ടികളുടെ കായിക ശേഷികളുടെ പുരോഗതി വിലയിരുത്തുന്നതിനുവേണ്ടി പ്രത്യേക മൂല്യനിർണയ സംവിധാനവും ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ |

| | | | |
|---|---|---|---|
| | | | പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന സവിശേഷ പരിമിതരായ കുട്ടികൾക്കുകൂടി പങ്കെടുക്കുവാൻ അനുയോജ്യമായ രീതിയിലുള്ള പ്രവർത്തനങ്ങളും ഉള്ളടക്കത്തിന്റെ ഭാഗമായി ഉൾപ്പെടുന്നുണ്ട്. പ്രൈമറി സ്കൂളുകളിലെ അധ്യാപകർക്ക് പരിശീലനം നൽകുന്നതിന് വേണ്ടി ഓരോ ജില്ലയിലും കായിക മേഖലയിലെ വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള റിസോഴ്സ് പാനൽ വിദ്യാഭ്യാസ,കായിക യുവജനകാര്യ വകുപ്പുകളുടെ മേൽനോട്ടത്തിൽ രൂപപ്പെടുത്തിയിട്ടുണ്ട്. ഓരോ കുട്ടിയുടെയും അക്കാദമികവും മാനസികവും സാമൂഹ്യവുമായ ശേഷികളും പരിമിതികളും തിരിച്ചറിഞ്ഞ് ആവശ്യമായ പിന്തുണ നൽകുന്നതിനുള്ള സംവിധാനമാണ് സഹിതം പോർട്ടൽ. കൂടാതെ നിരന്തര മൂല്യനിർണയത്തിനുള്ള സാധ്യതകളും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. മെന്ററിങ് എന്ന അടിസ്ഥാന ആശയത്തിൽ ഊന്നിയാണ് ഈ സംവിധാനം രൂപപ്പെടുത്തിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ